'ഭരണഭാഷ മാതൃഭാഷ'

**കേരള സർക്കാർ**

സംഗ്രഹം

കൃഷി വകുപ്പ് - ഓയിൽ പാം ഇന്ത്യ ലിമിറ്റഡിൽ ഡയറക്ടർ ബോർഡ് അംഗമായും മാനേജിംഗ് ഡയറക്ടറായും ശ്രീ. ജോൺ സെബാസ്റ്റ്യനെ നിയമിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

കൃഷി (പി.യു) വകുപ്പ്

G.O (Ms) No.49/2022/AGRI തീയതി, തിരുവനന്തപുരം, 06-06-2022.

---

<u>ഉത്തരവ്</u>

കൃഷി വകുപ്പിനു കീഴിലുള്ള പൊതുമേഖല സ്ഥാപനമായ ഓയിൽ പാം ഇന്ത്യ ലിമിറ്റഡിന്റെ ഡയറക്ടർ ബോർഡ് അംഗമായും മാനേജിംഗ് ഡയറക്ടറായും കോട്ടയം പാലാ മുണ്ടാങ്കൽ വടക്കേ ചെറിയത്ത് ശ്രീ. ജോൺ സെബാസ്റ്റ്യനെ കരാർ നിയമന വ്യവസ്ഥയിൽ അദ്ദേഹത്തിന്റെ സേവന വേതന വ്യവസ്ഥകൾ പിന്നീട് നിശ്ചയിക്കാമെന്ന നിബന്ധനയിൽ ഉത്തരവ് തീയതി മുതൽ ഒരു വർഷത്തേയ്ക്ക് നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
P M ALI ASGAR PASHA IAS
SECRETARY

To

1. ശ്രീ. ജോൺ സെബാസ്റ്റ്യൻ, വടക്കേചെറിയത്ത് , മുണ്ടാങ്കൽ, പാലാ കോട്ടയം
2. മാനേജിംഗ് ഡയറക്ടർ (ഇൻ ചാർജ്ജ്), ഓയിൽ പാം ഇന്ത്യ ലിമിറ്റഡ്
3. ഓയിൽ പാം ഇന്ത്യ ലിമിറ്റഡിലെ എല്ലാ ഡയറക്ടർ ബോർഡ് അംഗങ്ങൾക്കും
4. ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് , തിരുവനന്തപുരം
5. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം
6. ധനകാര്യ വകുപ്പ് UO (O) PU-B1/110/2021-FIN dated 31-03-2022) പ്രകാരം
7. ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് (UO (O) PLGEA-BPE3/262/2021-PLGEA dated 18-11-2021) പ്രകാരം
8. പൊതുഭരണ (എസ്.സി) വകുപ്പ് (02.06.2022 ലെ മന്ത്രിസഭായോഗത്തിലെ ഇനം. 776 പ്രകാരം)
9. വിവരപൊതുജനസമ്പർക്ക (വെബ് ന്യൂ മീഡിയ) വകുപ്പ്
10. ഓഫീസ് കോപ്പി / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :- ബഹു. കൃഷി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
കാർഷികോത്പാദന കമ്മീഷണർ & പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
കൃഷി വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്

776

**രഹസ്യം**

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 02-06-2022

ഫയൽ നം. AGRI-PU1/158/2021/AGRI. ഇനം നം: 776

വിഷയം : കൃഷി വകുപ്പ് - ശ്രീ. ജോൺ സെബാസ്റ്റ്യനെ, ഓയിൽ പാം ഇന്ത്യ ലിമിറ്റഡിന്റെ ഡയറക്ടർ ബോർഡ് അംഗമായും, മാനേജിംഗ് ഡയറക്ടറായും ഉത്തരവ് തീയതി മുതൽ ഒരു വർഷത്തേയ്ക്ക് കരാർ നിയമന വ്യവസ്ഥയിൽ നിയമിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, കൃഷി വകുപ്പ്.

3/6

AS I

3/6

3/6

**കേരള സർക്കാർ**

**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**

**<u>മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ്</u>**

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | നമ്പർ. AGRI -PU1/158/2021-AGRI |
| 2 | വകുപ്പ് | കൃഷി (പി.യു.) വകുപ്പ് |
| 3 | വിഷയം | ശ്രീ. ജോൺ സെബാസ്റ്റ്യനെ, ഓയിൽ പാം ഇന്ത്യ ലിമിറ്റഡിന്റെ ഡയറക്ടർ ബോർഡ് അംഗമായും, മാനേജിംഗ് ഡയറക്ടറായും ഉത്തരവ് തീയതി മുതൽ ഒരു വർഷത്തേയ്ക്ക് കരാർ നിയമന വ്യവസ്ഥയിൽ നിയമിക്കുന്നത് - സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 17.4.2022 |
| 5 | (i)ഇത് സാമ്പത്തിക ബാദ്ധ്യത ഉള്ളതാണോ?<br>(ii) സാമ്പത്തിക ബാദ്ധ്യത ഉള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്<br>ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്.<br>ഉണ്ട്. |
| 7 | കുറിപ്പ് സമർപ്പിച്ച അഡിഷണൽ സെക്രട്ടറിയുടെ പേര് | ശ്രീമതി ഗീത ജെ.ആർ. |
| 8 | കുറിപ്പ് അംഗീകരിച്ച പ്രൻസിപ്പൽ സെക്രട്ടറിയുടെ പേര് | ശ്രീമതി ഇഷിതാ റോയ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 21.05.2022 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. വി.പി. ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 30.05.2022 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. പി. പ്രസാദ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 31.05.2022 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 01.06.2022 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കൃഷി വകുപ്പിനു കീഴിലുള്ള ഓയിൽ പാം ഇന്ത്യാ ലിമിറ്റഡിന്റെ മാനേജിംഗ് ഡയറക്ടറായും ഡയറക്ടർ ബോർഡ് അംഗമായും ശ്രീ. ജോൺ സെബാസ്റ്റ്യനെ നിയമിക്കുന്നതു സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പിലെ പ്രതിപാദ്യ വിഷയം

2. ഓയിൽ പാം ഇന്ത്യാ ലിമിറ്റഡിന്റെ മാനേജിംഗ് ഡയറക്ടറായി കോട്ടയം പാലാ മുണ്ടാങ്കൽ വടക്കേചെറിയത്ത് ശ്രീ. ജോൺ സെബാസ്റ്റ്യനെ നിയമിക്കണമെന്ന ബഹു കൃഷി വകുപ്പ മന്ത്രി നിർദ്ദേശിച്ചിരുന്നു.

3. കോട്ടയം ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ജനറൽ മാനേജരായി 30.4.2021 ന് വിരമിച്ച ശ്രീ. ജോൺ സെബാസ്റ്റ്യന്റെ ബയോഡാറ്റാ പ്രകാരം ടിയാന്റെ ജനന തീയതി 20.04.1961 ആണ് എന്നതിനാൽ ടിയാൻ 6.11.2021 ലെ സ.ഉ.(കൈ) നം. 31/2021/പ്ലാനിംഗ് പ്രകാരം നിഷ്കർഷിച്ചിട്ടുള്ള പ്രായപരിധിയ്ക്കുള്ളിലാണ്.

4. ശ്രീ. ജോൺ സെബാസ്റ്റ്യനെതിരെ വിജിലൻസ് കേസുകളോ വിജിലൻസ് അന്വേഷണങ്ങളോ നിലവിലില്ലെന്ന് വിജിലൻസ് വകുപ്പ് അറിയിച്ചിട്ടുണ്ട്. ടിയാനെതിരെ വിജിലൻസ് കേസുകളോ ക്രിമിനൽ കേസുകളോ നിലവിലില്ലയെന്ന് ശ്രീ ജോൺ സെബാസ്റ്റ്യൻ സത്യപ്രസ്താവന ലഭ്യമാക്കിയിട്ടുമുണ്ട്.

5. ശ്രീ. ജോൺ സെബാസ്റ്റ്യനെ ഓയിൽ പാം ഇന്ത്യ ലിമിറ്റഡിന്റെ മാനേജിംഗ് ഡയറക്ടറായി നിയമിക്കുന്ന വിഷയത്തിൽ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ പ്രസ്തുത വകുപ്പ് ചുവടെപ്പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തി.

> *"For instituting a transparent mechanism for selection of efficient and capable personnel to the post of Managing Director/Chief Executive Officer in State PSUs, the Government, vide G.O. (Ms) No.16/2018/P&EA dated 26/05/2018, G.O. (Ms) No.30/2018/P&EA dated 13/12/2018 & G.O. (Ms) No.24/2019/P&EA dated 08/07/2019, re-constituted the Public Enterprises Selection Board (KPESB) on the lines of the Central Public Enterprises Selection Board. Presently, Justice K.K.Denesan, Hon'ble Former Judge, High of Court of Kerala (Chairman), Chief Secretary, Additional Chief Secretary (Planning & Economic Affairs), Principal Secretary (Industries) and Chairman, Public Sector Re-structuring & Internal Audit Board (RIAB) are the Members of KPESB. The primary task entrusted with KPESB is selection and placement of personnel to the position of Managing Director/Chief Executive Officer in State PSUs. As per G.O.(Ms) No.29/2018/P&EA dated 22/10/2018, it was ordered that appointment to the post of Managing Director/Chief Executive Officer in State Public Sector Undertakings only shall be made from the list prepared by the Selection Board (i.e. PESB) constituted as per G.O. (Ms) No.16/2018/P&EA dated 26/05/2018. The guidelines on the functions of KPESB was issued in Circular No.PLGEA-BPE3/146/2018-PLGEA dated 28/05/2019.*

*Since the proposal from AD is for appointment of Shri John Sebastian, (superannuated from the service of Hindustan Newsprint Limited (HNL) on 30/04/2021 as DGM (Projects & Civil) & GM (Works) - Additional Charge), as Managing Director in Oil Palm India Limited directly, the Administrative Department may take appropriate decision in the matter with the approval of Council of Ministers".*

6. ആസൂത്രണ സാമ്പത്തികകാര്യ / വിജിലൻസ് വകുപ്പുകളുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലും, തനിക്കെതിരെ വിജിലൻസ് കേസുകളോ അന്വേഷണങ്ങളോ നിലവിലില്ലയെന്ന ശ്രീ. ജോൺ സെബാസ്റ്റ്യന്റെ സത്യവാങ്മൂലം പരിഗണിച്ചും, ടിയാന്റെ സേവന വേതന വ്യവസ്ഥകൾ പിന്നീട് നിശ്ചയിക്കാമെന്ന വ്യവസ്ഥയിൽ ടിയാനെ ഓയിൽ പാം ഇന്ത്യ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ ആയി നിയമിക്കുന്നതിന്മേൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ പ്രസ്തുത വകുപ്പ് ചുവടെപ്പറയും പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി.

*"മന്ത്രിസഭാ തീരുമാനത്തിന് വിധേയമായി , ശ്രീ. ജോൺ സെബാസ്റ്റ്യനെ കരാർ / ദിവസ വേതന ജീവനക്കാർക്ക് ബാധകമായ സർക്കാർ ഉത്തരവുകളിലെ നിബന്ധനകൾ പാലിച്ചു കരാർ നിയമന വ്യവസ്ഥയിൽ ഓയിൽ പാം ഇന്ത്യാ ലിമിറ്റഡിന്റെ മാനേജിംഗ് ഡയറക്ടറായും ഡയറക്ടർ ബോർഡ് അംഗമായും നിയമിക്കുന്നതിന് അനുമതി നൽകുന്നു.*

ഇതിന് ബഹു.ധനമന്ത്രിയുടെ അംഗീകാരമുണ്ട്. "

7. വിജിലൻസ് / ആസൂത്രണ സാമ്പത്തികകാര്യ / ധനകാര്യ വകുപ്പുകളുടെ അഭിപ്രായത്തിന്റെയും തനിക്കെതിരെ വിജിലൻസ് കേസുകളോ അന്വേഷണങ്ങളോ നിലവിലില്ലയെന്ന ശ്രീ. ജോൺ സെബാസ്റ്റ്യൻ ലഭ്യമാക്കിയ സത്യപ്രസ്താവനയുടെ അടിസ്ഥാനത്തിലും, ടിയാന്റെ സേവന വേതന വ്യവസ്ഥകൾ പീന്നിട് നിശ്ചയിക്കാമെന്ന വ്യവസ്ഥയിൽ ഓയിൽ പാം ഇന്ത്യ ലിമിറ്റഡിന്റെ ഡയറക്ടർ ബോർഡ് അംഗമായും, മാനേജിംഗ് ഡയറക്ടറായും കരാർ നിയമന വ്യവസ്ഥയിൽ കരാർ / ദിവസ വേതന ജീവനക്കാർക്ക് ബാധകമായ സർക്കാർ ഉത്തരവുകളിലെ നിബന്ധനകൾ പാലിച്ചുകൊണ്ട് ഉത്തരവ് തീയതി മുതൽ ഒരു വർഷത്തേയ്ക്ക് നിയമിക്കുന്നതിന്മേൽ ഉത്തരവിനായി ഫയൽ ബഹു.മുഖ്യമന്ത്രിയ്ക്ക് ചംക്രമണം ചെയ്തപ്പോൾ ടി ശുപാർശ അംഗീകരിച്ച് ബഹു.മുഖ്യമന്ത്രി ഉത്തരവായി.

## തീരുമാനിക്കേണ്ട വിഷയം

കോട്ടയം പാലാ മുണ്ടാങ്കൽ വടക്കേചെറിയത്ത് ശ്രീ. ജോൺ സെബാസ്റ്റ്യനെ, ഓയിൽ പാം ഇന്ത്യ ലിമിറ്റഡിന്റെ ഡയറക്ടർ ബോർഡ് അംഗമായും, മാനേജിംഗ് ഡയറക്ടറായും കരാർ നിയമന വ്യവസ്ഥയിൽ ടിയാന്റെ സേവന വേതന വ്യവസ്ഥകൾ പീന്നിട് നിശ്ചയിക്കാമെന്ന വ്യവസ്ഥയിൽ ഉത്തരവ് തീയതി മുതൽ ഒരു വർഷത്തേയ്ക്ക് നിയമിക്കാമോ